DESPATCHED
On... 21/01/23



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 528(3)/2022 *എസ്.ഐ.സി.* &**

**CP No. 529(3)/2022 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.18631/എസ്.ഐ.സി–ജി 1/2022 & 18627/എസ്.ഐ.സി–ജി 1/2022)**

**സന്നിഹിതൻ**

**ശ്രീ.എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി :17.01.2023**

ശ്രീ.നാസർ എം.എ.
റഹ്മത്ത് മൻസിൽ
കോമന
അമ്പലപ്പുഴ പി. ഒ.
പിൻ 688005
} പരാതി ഹർജിക്കാരൻ

Vs.

1 സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ
വില്ലേജ് ഓഫീസ്
കുലശേഖരപുരം
2 സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസീൽദാർ (എച്ച്.ക്യൂ)
താലൂക്ക് ഓഫീസ് കരുനാഗപ്പള്ളി
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 27.10.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.11.2022, 23.11.2022 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 06.12.2022, |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 12.12.2022 |

**ഉത്തരവ്**

ആല്ലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ കോമന റഹ്മത്ത് മൻസിലിൽ ശ്രീ നാസർ എം.എ. എന്നയാൾ കരുനാഗപ്പള്ളി താലൂക്ക് ഓഫീസിലും കുലശേഖരപുരം വില്ലേജ് ഓഫീസിലും 27.10.2022 ന് സമർപ്പിച്ച വിവരാവകാശ രേഖകൾ തേടിയുള്ള അപേക്ഷയ്ക്കു

ലഭിച്ച മറുപടിയിൽ തൃപ്തിയില്ലാതെയാണ് ടിയാൻ കമ്മീഷനെ സമീപിച്ചത്. ഇതു സംബന്ധിച്ച് 30.12.2022 ന് ആലപ്പുഴയിൽ കമ്മീഷൻ സംഘടിപ്പിച്ച ഹിയറിംഗിൽ അപേക്ഷകൻ ഹാജരായി. എന്നാൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പലേറ്റ് അതോറിറ്റി എന്നിവർ ഹാജരായില്ല. തുടർന്ന് എതിർകക്ഷികൾ രണ്ടുപേരെയും സമൻസ് അയച്ച് വരുത്തുകയും 16.01.2023 ന് കമ്മീഷൻ ഇരുവരെയും നേരിൽ കേൾക്കുകയും ചെയ്തു. ഹിയറിംഗ് വേളയിൽ പരാതി ഹർജിക്കാരനോടൊപ്പം കമ്മീഷൻ മുമ്പാകെ അമ്പലപ്പുഴ സ്വദേശി എന്നവകാശപ്പെട്ട് ഒരു ഷിഹാബുദ്ദീൻ ഹാജരായി. അദ്ദേഹം അപേക്ഷകനായ ശ്രീ.നാസർ എം.എ. സമർപ്പിച്ച അപേക്ഷയിലെ എല്ലാ വിവരങ്ങളും തനിക്ക് അറിയുമെന്നും താൻ കരുനാഗപ്പള്ളി തഹസീൽദാറുടെ അധികാര പരിധിയിൽപ്പെട്ട കുലശേഖരപുരം വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റാണെന്നും കമ്മീഷൻ മുമ്പാകെ പറഞ്ഞു. ശ്രീ.നാസർ 27.10.2022 ന് കരുനാഗപ്പള്ളി താലൂക്ക് ഓഫീസിൽ സമർപ്പിച്ച അതേ അപേക്ഷ കുലശേഖരപുരം വില്ലേജ് ഓഫീസിൽ സമർപ്പിച്ചുവെന്നും അവയ്ക്കുള്ള മറുപടി ലഭ്യമാകില്ല എന്ന് മനസ്സിലാക്കിയിട്ടാണ് അന്നേ ദിവസം തന്നെ താലൂക്ക് ഓഫീസിൽ അപേക്ഷ നൽകിയതെന്നും ശ്രീ ഷിഹാബുദ്ദീൻ പറഞ്ഞു.

2. റവന്യൂ വകുപ്പിന്റെ കുലശേഖരപുരം വില്ലേജ് ഓഫീസിൽ ജോലിചെയ്ത് സർക്കാർ ശമ്പളംപറ്റുന്ന ഒരു വ്യക്തി ആ ഓഫീസിലേക്ക് ഒരു പൗരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ ഹിയറിംഗിൽ പരാതിക്കാരനുവേണ്ടി വാദിക്കുന്നതിന് കമ്മീഷൻ മുമ്പാകെ ഹാജരാവുക എന്ന അത്ഭുതകരവും കുറ്റകരവും ആയ നടപടി ആണ് ശ്രീ.ഷിഹാബുദ്ദീന്റെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരം ശ്രീ.നാസർ സമർപ്പിച്ച അപേക്ഷയിലെ മുഴുവൻ വിവരങ്ങളും അതിന്റെ മറുപടി വിവരങ്ങളും ശ്രീ.ഷിഹാബുദ്ദീൻ കമ്മീഷനു മുമ്പാകെ വിശദമായി പറഞ്ഞു ഫലിപ്പിക്കാൻ ശ്രമിച്ചിരുന്നു. 16.01.2023 ന് കമ്മീഷനു മുമ്പാകെ നേരിൽ ഹാജരായ ശ്രീ.അജി, വില്ലേജ് ഓഫീസർ പറഞ്ഞത് ശ്രീ.ഷിഹാബുദ്ദീൻ കുലശേഖരപുരം വില്ലേജ് ഓഫീസിലെ ജീവനക്കാരനാണെന്നും അദ്ദേഹത്തിന് 15 കൊല്ലത്തെ സർവ്വീസ് ഉണ്ടെന്നും

അദ്ദേഹത്തെ ക്ലാർക്കാക്കണമെന്ന അപേക്ഷയിൽ നടപടിയാകാത്തതിന്റെ നിരാശയും പ്രതിഷേധവും കാരണം വില്ലേജ് ഓഫീസിലും താലൂക്കാഫീസിലും നിരന്തരം പലരുടെ പേരിൽ വിവരാവകാശ അപേക്ഷ സമർപ്പിച്ച് ബുദ്ധിമുട്ടിക്കുകയാണെന്നും ഇങ്ങനെ പെരുമാറുന്നത് ശ്രീ.ഷിഹാബുദ്ദീന്റെ പതിവാണെന്നും ആണ്. അതിന് തെളിവായി ശ്രീ.എം.എ.നാസർ ഉൾപ്പടെ 15 വ്യക്തികളുടെ പേരിൽ മിക്കവാറും ഒരേ കാര്യം തന്നെ ആവർത്തിച്ച് ആവശ്യപ്പെടുന്ന വിവരാവകാശ അപേക്ഷകളുടെ പകർപ്പ് ഹാജരാക്കുകയും ഇവയെല്ലാം ശ്രീ.ഷിഹാബുദ്ദീന്റെ പ്രേരണയാൽ ചെയ്യുന്നതാണെന്ന് വില്ലേജ് ഓഫീസർ കമ്മീഷനെ ബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

3. ഈ കമ്മീഷനു മുമ്പിൽ കുലശേഖരപുരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ ശ്രീ.ഷിഹാബുദ്ദീൻ വകുപ്പിനു പുറത്തുള്ള ഒരപേക്ഷകനുവേണ്ടി സംസാരിക്കാൻ ഹാജരായതു സംബന്ധിച്ചും ഇദ്ദേഹത്തെ കുറിച്ച് കുലശേഖരപുരം വില്ലേജ് ഓഫീസർ ശ്രീ.അജി കമ്മീഷനു മുമ്പാകെ ബോധിപ്പിച്ച കാര്യങ്ങൾ സംബന്ധിച്ചും അന്വേഷിച്ച് യുക്തമായ നടപടി സ്വീകരിക്കാൻ ഒന്നാം അപ്പീൽ അധികാരിയോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

4. ശ്രീ.എം.എ.നാസർ 27.10.2022 ന് കുലശേഖരപുരം വില്ലേജ് ഓഫീസർക്കും അന്നേ ദിവസം തന്നെ കരുനാഗപ്പള്ളി താലൂക്ക് എസ്.പി.ഐ.ഒയ്ക്കും സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ എസ്.പി.ഐ.ഒ.മാർ മറുപടി നൽകിയിട്ടുള്ളതായി കാണുന്നതിനാൽ കംപ്ലെയിന്റ് പെറ്റീഷൻ 528(3)/2022/SIC, 529(3)/2022/SIC എന്നിവയിലെ തുടർ നടപടികൾ അവസാനിപ്പിച്ച ഉത്തരവ് കമ്മീഷൻ ഇന്നേ ദിവസം (2023 ജനുവരി മാസം 17-ാം തീയതി) പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

*NAS*

RIGHT TO INFORMATION